**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** | **13-09-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സുരക്ഷാ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭക്ഷ്യ സംരംഭകരെ മുഴുവൻ ഭക്ഷ്യ സുരക്ഷാ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ലൈസൻസ് ഡ്രൈവ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭക്ഷ്യ സംരംഭകരെ മുഴുവൻ ഭക്ഷ്യ സുരക്ഷാ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി 01/08/2023 മുതൽ 03/08/2023 വരെ ലൈസൻസ് ഡ്രൈവ് നടത്തുകയുണ്ടായി. ഇത്തരം ഡ്രൈവുകൾ തുടർന്നും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 31 പ്രകാരം ഭക്ഷ്യ സുരക്ഷാ ലൈസൻസ് കരസ്ഥമാക്കാതെ ഭക്ഷ്യ വ്യാപാരത്തിൽ ഏർപ്പെടുവാൻ അനുവാദമില്ല. ടി നിയമ ലംഘനം സെക്ഷൻ 63 പ്രകാരം 6 മാസം വരെ തടവോ 5 ലക്ഷം രൂപ വരെ പിഴയോ ഈടാക്കാവുന്ന കുറ്റമാണ്. ഭക്ഷണം വിൽപ്പന നടത്തുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിലേയ്ക്ക് കൊണ്ടുവരേണ്ടത് അത്യാവശ്യമായതിനാൽ ഇത്തരം ഡ്രൈവ് തുടരുന്നതാണ്. ഇപ്രകാരം സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ച് നിരന്തരമായ പരിശോധനകൾ നടത്തുക വഴി നൂറു  ശതമാനം ഭക്ഷ്യ സംരംഭകരെയും ലൈസൻസ്/രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഭക്ഷ്യ സുരക്ഷാ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതോ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ ലഭ്യമായതിനാൽ മാത്രം പ്രവർത്തിക്കുന്നതോ ആയ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; രജിസ്ട്രേഷൻ മാത്രം ലഭ്യമായാൽ പ്രവർത്തിക്കാവുന്ന സംരംഭങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; ലൈസൻസ് ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (ബി) | 01/08/2023 മുതൽ 03/08/2023 വരെയുള്ള മൂന്ന് ദിവസങ്ങളിൽ സംസ്ഥാന വ്യാപകമായി 10545 സ്ഥാപനങ്ങൾ പരിശോധിയ്ക്കുകയുണ്ടായി. ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 2305 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്പ്പിയ്ക്കുകയുണ്ടായി. ടി പരിശോധനകളുടെ ഭാഗമായി ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 1640 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. നിയമപരമായി ലൈസൻസ് എടുത്ത് പ്രവർത്തിയ്ക്കേണ്ടിയിരുന്ന 1085 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ മാത്രം കരസ്ഥമാക്കി |

പ്രവർത്തിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ സ്ഥാപനങ്ങൾക്ക് ലൈസൻസിലേയ്ക്ക് മാറുന്നതിനുള്ള നോട്ടീസ് നൽകുകയും ചെയ്തു. ഭക്ഷണവുമായി ബന്ധപ്പെട്ട ബിസിനസ് നടത്തുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് ബോധവൽക്കരണ പരിപാടികൾ, ലൈസൻസ് മേളകൾ, ഭക്ഷ്യ സുരക്ഷാ പഞ്ചായത്ത് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരം നടപടികളിലൂടെ പരമാവധി പേരെ ലൈസൻസ്/ രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇനിയും ലൈസൻസ്/ രജിസ്ട്രേഷൻ നേടുന്നതിന് സ്ഥാപനങ്ങൾ ബാക്കി ഉണ്ട് എന്നുള്ളത് പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾ താൽക്കാലികമായി അടപ്പിയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ നിന്നും നൽകിയിട്ടുണ്ട്.

**2006** ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/ സംഭരണം/ വിതരണം/ വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ് നേടിയിരിക്കേണ്ടതാണ്. വഴിവാണിഭക്കാർ, വിളിച്ചു പറഞ്ഞ് കച്ചവടം നടത്തുന്നവർ, സ്വന്തമായി കച്ചവടം നടത്തുന്ന ചെറുകിടക്കാർ, കുറച്ചുകാലത്തേയ്ക്ക് മാത്രം കച്ചവടം നടത്തുന്നവർ, പ്രതിവർഷം **12** ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ചെറുകിടക്കാർ എന്നിവർക്ക് ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ മാത്രമെടുത്ത് കച്ചവടം നടത്തുന്നതിനും അനുമതിയുണ്ട് .

**2006** ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ **31(2)** അനുസരിച്ച് Petty Retailers, Hawkers, Itinerant Vendor, Temporary Stall Holder or Small Scale or Cottage, Tiny Food Business തുടങ്ങിയവരാണ് രജിസ്ട്രേഷൻ പരിധിയിൽ വരുന്ന, കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നത്. പരിശോധനകളിൽ ടി ആനുകൂല്യം വ്യാപകമായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ച് വരികയാണ്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ foscos.fssai.gov.in മുഖാന്തിരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ നിന്നും ലൈസൻസ്/ രജിസ്ട്രേഷൻ നൽകിവരികയും ചെയ്യുന്നു. സംരംഭകന് സ്വന്തമായോ അല്ലെങ്കിൽ ഏറ്റവും അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ വഴിയോ അപേക്ഷ നൽകാവുന്നതും ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആയിടങ്ങളിൽ നിന്ന് തന്നെ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്. രജിസ്ട്രേഷൻ ഓൺലൈനായി അപേക്ഷിച്ച് 7 ദിവസത്തിനുള്ളിലും, ലൈസൻസിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിലും അപാകതകൾ സംബന്ധിച്ച വിവരം ഉടനടിയും ലഭ്യമാകുന്നതിന് വെബ്സൈറ്റിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത് .<br><br>നിലവിലെ കണക്ക് പ്രകാരം കേരളത്തിൽ 109073 ഭക്ഷ്യ സ്ഥാപനങ്ങളെ ഭക്ഷ്യ സുരക്ഷാ ലൈസൻസ് പരിധിയിലും 750252 ഭക്ഷ്യ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ പരിധിയിലും കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ മേഖലയിലെ മുഴുവൻ സംരംഭങ്ങളും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു . |

സെക്ഷൻ ഓഫീസർ